**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4943** **04-07-2024 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡ്സ് സെക്ഷനും ഗവ.റെസ്റ്റ് ഹൗസിനും കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ വെസ്റ്റ് എളേരിയിൽ (ഭീമനടി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പി.ഡബ്ല്യൂ.ഡി.റോഡ്സ് സെക്ഷനും അതോടനുബന്ധിച്ച് ഗവ.റെസ്റ്റ് ഹൗസിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടും ഭരണാനുമതി നൽകാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ഭീമനടിയിൽ പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസ് കം സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിന് 22/12/2022-ലെ G.O(Rt) No. 1250/2022/PWD പ്രകാരം 3.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എളേരിയിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ചപ്പോൾ ആ സ്ഥലത്തെ ചൊല്ലി അവകാശം ഉന്നയിച്ച് ഒരു സ്വകാര്യ വ്യക്തി കോടതിയെ സമീപിക്കുകയും. പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ പിന്നീട് സ്വീകരിക്കാൻ സാധിക്കാതെ വരികയും ഇൻവെസ്റ്റിഗേഷൻ നടപടികൾ നിർത്തി വെയ്ക്കുകയും ചെയ്തു. പ്രസ്തുത വിഷയം ഇപ്പോൾ ബഹു. കോടതിയുടെ പരിഗണനയിലാണുള്ളത്. (OS No. 235/2022 at Munsiff Court Kanhangad).<br><br>പ്രവൃത്തിക്ക് കാലതാമസം നേരിടുന്നതിനാൽ ബഹു. പൊതുമരാമത്ത് മന്ത്രി നേരിട്ട് നടത്തിയ റിവ്യൂ മീറ്റിംഗുകളിലും, ചീഫ് എഞ്ചിനീയർ തലത്തിലും, ജില്ലാതല സി.എം.ടി യോഗത്തിലും ചർച്ച ചെയ്യുകയും. തൃക്കരിപ്പൂർ മണ്ഡലത്തിലെ തന്നെ ചിറ്റാരിക്കൽ എന്ന മറ്റൊരു സ്ഥലത്ത് കൊളിച്ചാൽ ചെറുപുഴ മലയോര ഹൈവേയുടെ ഇടത് ഭാഗത്തായി (ch 25/00) പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ളതും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ് പ്രവർത്തിച്ചിരുന്നതുമായ ഒരു ഒഴിഞ്ഞ സ്ഥലം ഉണ്ടെന്ന് ബഹു. എം.എൽ.എ അറിയിച്ചു. തുടർന്ന് 05/04/2024 ന് സ്ഥലം പൊതുമരാമത്ത് ഉദ്യോഗസ്ഥരടക്കം പരിശോധിക്കുകയും പ്രസ്തുത സ്ഥലം, ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് കം സെക്ഷൻ ഓഫീസ് സമുച്ചയം നിർമ്മിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് തത്വത്തിൽ കൈമാറുന്നതിനുള്ള നടപടികൾക്കായി ബഹു. എം.എൽ.എ കത്ത് നൽകുകയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13/05/2024 തീയതിയിലെ യോഗത്തിൽ സ്ഥലം വിട്ടു നൽകുന്നതിന് അംഗീകാരം നൽകുകയും ചെയ്തു. സ്ഥല വിസ്തൃതി 20 സെന്റ് ആകയാൽ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സ്ഥലം ലഭ്യമായാൽ ഉടൻ ഇൻവെസ്റ്റിഗേഷൻ നടത്തി കെട്ടിടം രൂപകൽപന ചെയ്ത് ടെണ്ടർ നടപടികൾ സ്വീകരിച്ച്, പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ